**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2234** **21-06-2024 - ൽ മറുപടിയ്ക്ക്**

**വനിതാ വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതകൾക്ക് വനിതാ വികസന കോർപ്പറേഷൻ വഴി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | (എ) | (എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന, സംസ്ഥാനത്തെ വനിതകൾക്കായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

## സംസ്ഥാനത്തെ വനിതകൾക്കായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ/ സഹായങ്ങൾ/ സേവനങ്ങൾ

സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് കേരള സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ. സംസ്ഥാനത്തെ സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ നില മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിന്റെ സുസ്ഥിര വികസനത്തിലും പുരോഗതിയിലും അവരെ സഹപങ്കാളികളും സഹഗുണഭോക്താക്കളും ആക്കുന്നതിനും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (KSWDC) 1988 മുതൽ കേരളത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചു വരുന്നു.

### a) <u>വായ്പാ പദ്ധതികൾ</u>

വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) ദേശീയ ധനകാര്യ വികസന കോർപ്പറേഷനുകളുടെയും സംസ്ഥാന സർക്കാരിന്റെയും ഫണ്ട് ഉപയോഗിച്ച് ന്യൂനപക്ഷ, പിന്നോക്ക, പട്ടിക ജാതി, പട്ടിക വർഗ്ഗ, ശുചീകരണ, മുന്നോക്ക വിഭാഗങ്ങളിലെ സ്ത്രീകൾക്കായി നടപ്പിലാക്കുന്ന,

a) <u>സ്വയം തൊഴിൽ വായ്പ്പാ പദ്ധതി:</u> 6 മുതൽ 9 ശതമാനം വരെ പലിശ നിരക്കിൽ, പരമാവധി 50 ലക്ഷം രൂപ

b) <u>വിദ്യാഭ്യാസ വായ്പാ പദ്ധതി</u>: 3 മുതൽ 8 ശതമാനം പലിശ നിരക്കിൽ, പരമാവധി 30 ലക്ഷം രൂപ (ഇന്ത്യ)/ 40 ലക്ഷം രൂപ (വിദേശത്ത്)

(ii) <u>CDS-കൾക്കായുള്ള ലഘു വായ്പാ പദ്ധതി:</u> ദേശീയ ധനകാര്യ വികസന കോർപ്പറേഷനുകളുടെ ഫണ്ട് ഉപയോഗിച്ച് CDS മുഖേന 3 കോടി വരെയുള്ള

(4 മുതൽ 5 ശതമാനം പലിശനിരക്കിൽ) ലഘുവായ്പ്പാ പദ്ധതി. (പരമാവധി ഒരു അംഗത്തിന് 1 ലക്ഷം രൂപ വരെ)

(iii) നോർക്ക വനിതാ മിത്ര-സ്വയം തൊഴിൽ വായ്പാ പദ്ധതി: പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിയെത്തുന്ന വനിതകൾക്കായി വനിതാ വികസന കോർപ്പറേഷനും നോർക്ക റൂട്ട്സും സംയുകതമായി നടപ്പിലാക്കുന്ന മൂലധന-പലിശ സബ്സിഡിയോടുകൂടെയുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി. (6 മുതൽ 9 ശതമാനം പലിശ നിരക്കിൽ, പരമാവധി 30 ലക്ഷം രൂപ)

(iv) SMILE KERALA പദ്ധതി: കേരളത്തിൽ കോവിഡ്-19 ബാധിച്ച് മുഖ്യവരുമാനാശ്രയമായ വ്യക്തി മരണപ്പെട്ട കുടുംബങ്ങളെ സഹായിക്കുന്നതിനായി വനിതാ വികസന കോർപ്പറേഷനും കേരള സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന മൂലധന സബ്സിഡിയോടുകൂടെയുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി. (6 ശതമാനം പലിശ നിരക്കിൽ, പരമാവധി 5 ലക്ഷം രൂപ)

(v) വനിതാ സഹകരണ സംഘങ്ങൾക്കുള്ള ലഘു വായ്പാ പദ്ധതി : സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്ന വനിതാ ഫെഡിന് കീഴിലെ സഹകരണ സംഘങ്ങൾക്ക് 6 % പലിശ നിരക്കിൽ, പരമാവധി 10 ലക്ഷം രൂപ വരെ വായ്പ നൽകുന്ന ലഘു വായ്പ പദ്ധതികളും വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്. കോർപ്പറേഷന്റെ തനതു ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതി മുഖാന്തിരം വനിതകൾക്ക് സംരംഭങ്ങൾ നടത്തുന്നതിനായാണ് വായ്പ നൽകി വരുന്നത്.

(vi) ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള വായ്പാ പദ്ധതി: ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന വായ്പാ പദ്ധതി. (പരമാവധി 3 ലക്ഷം രൂപ വീതം)

## b) സേവന പദ്ധതികൾ

### 1. 181 വനിതാ ഹെൽപ്പ് ലൈൻ

കേരളത്തിലെ വനിതകൾക്ക് 181 എന്ന ഏക ടോൾ ഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവര അന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിന് വേണ്ടി, 24 മണിക്കൂറും സേവനം ലഭ്യമാകുന്ന എമർജൻസി ഹെൽപ്പ് ലൈൻ സംവിധാനം നടത്തി വരുന്നു. സ്ത്രീകൾക്ക് ഏത് അത്യാവശ്യ ഘട്ടത്തിലും സഹായം അഭ്യർത്ഥിക്കാനും നിമിഷങ്ങൾക്കുള്ളിൽ തന്നെ പരിഹാരം കാണാനും ഇതിലൂടെ സൗകര്യം ഒരുക്കിയിരിക്കുന്നു. 181 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് വിളിക്കുന്നതിലൂടെ സ്ഥലത്തെ പ്രധാന ഹോസ്പിറ്റൽ, പോലീസ് സ്റ്റേഷൻ, ആംബുലൻസ് സർവ്വീസ് എന്നിവയുടെ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വിവിധ സർക്കാർ, സർക്കാരേതര സ്ഥാപനങ്ങളുടെ സേവനങ്ങളെപ്പറ്റി അറിയുന്നതിനും 181 ൽ സൗകര്യമുണ്ട്.

### 2. ഷീ പാഡ് പദ്ധതി

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 6 മുതൽ 12 വരെയുള്ള ക്ലാസുകളിലെ പെൺകുട്ടികൾക്ക് സൗജന്യമായി ഗുണമേന്മയേറിയ സാനിട്ടറി നാപ്കിനുകൾ, നാപ്കിനുകൾ സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റീൽ അലമാര, ഉപയോഗിച്ച നാപ്കിനുകൾ കത്തിക്കുന്നതിനാവശ്യമായ ഇൻസിനറേറ്റർ എന്നിവ സ്കൂളുകളിൽ സ്ഥാപിക്കുന്ന പദ്ധതിയാണ് ഷീ പാഡ് പദ്ധതി. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശം 100 ശതമാനവും പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കോർപ്പറേഷന്റെയും ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതി പ്രകാരം ആർത്തവ ശുചിത്വ അവബോധ ക്ലാസ്സുകളും നൽകുന്നുണ്ട്.

### 3. M-CUP പദ്ധതി

സ്ത്രീകളുടെ സജീവമായ ജീവിതശൈലിക്ക് ശുചിത്വപരമായ ആർത്തവ സമ്പ്രദായം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മറ്റൊരു പദ്ധതിയാണ് M-CUP പദ്ധതി. പരിസ്ഥിതി സൗഹൃദമായ ആർത്തവ ശുചിത്വം ഉറപ്പാക്കുന്നതിന് മെൻസ്ട്രൽ കപ്പ് എന്നുള്ളത് ഏറ്റവും മികച്ചൊരു മാർഗ്ഗമാണ്. കേരള സംസ്ഥാന വനിതാ വികസന

കോർപ്പറേഷൻ M-CUP പദ്ധതി പ്രകാരം നൽകുന്ന മെൻസ്ട്രൽ കപ്പിന്റെ വില (GST ഉൾപ്പെടെ) ഒരെണ്ണം 300/- രൂപയാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് മെൻസ്ട്രൽ കപ്പിന്റെ ഉപയോഗത്തെക്കുറിച്ചുള്ള അവബോധ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്.

**4 വനിതാ മിത്ര കേന്ദ്രങ്ങൾ (വർക്കിംഗ് വിമൻസ് ഹോസ്റ്റൽ)**

ഹോസ്റ്റൽ സൗകര്യം, യാത്രയ്ക്കിടെ തങ്ങാനുള്ള രീതിയിൽ ലോഡ്ജിംഗ് സൗകര്യം, ഹോസ്റ്റൽ അന്തേവാസികളായ സ്ത്രീകളുടെ കുഞ്ഞുങ്ങൾക്ക് ക്രെഷ് സൗകര്യം എന്നിവ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ മിത്ര കേന്ദ്രങ്ങൾ. നിലവിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കോർപ്പറേഷൻ 11 വനിതാമിത്ര കേന്ദ്രങ്ങൾ/വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നടത്തുന്നു.

**5. സേഫ് സ്റ്റേ**

കോർപ്പറേഷൻ നടത്തുന്ന മറ്റൊരു പദ്ധതിയാണ് സേഫ് സ്റ്റേ പദ്ധതി. വനിതകൾക്ക് സംസ്ഥാന വ്യാപകമായി ഹ്രസ്വകാല താമസ സൗകര്യം ഒരുക്കുന്ന പദ്ധതിയാണിത്. ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന വനിതകൾക്ക് മിതമായ നിരക്കിൽ സുരക്ഷിതവും വൃത്തിയുള്ളതുമായ താമസ സൗകര്യം ഹോസ്റ്റലുകളിലും ഹോട്ടലുകളിലും ഉറപ്പാക്കാൻ കോർപ്പറേഷൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി സേവനങ്ങൾ എല്ലാം ആവശ്യാനുസരണം ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലാണ് കോർപ്പറേഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ പല നഗരങ്ങളിലെ 30 വനിതാ ഹോസ്റ്റലുകളിലായി 133 കിടക്കകൾ ക്രമീകരിച്ചിട്ടുണ്ട്.

**6. വനിതാ സംരംഭകർക്കായുള്ള പ്രദർശന വിപണന മേള**

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ആഗസ്റ്റ് മാസം 20 മുതൽ 26 വരെ കോഴിക്കോട് ജില്ലയിൽ 'എസ്കലേറ എക്സ്പോ 2023' എന്ന പേരിൽ വനിതാ സംരംഭകർക്കായി ഒരു പ്രദർശന വിപണന മേള സംഘടിപ്പിച്ചിരുന്നു. വനിതാ സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും മേള സഹായകരമായിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ എക്സ്പോ സംഘടിപ്പിക്കുവാൻ കോർപ്പറേഷൻ പദ്ധതിയിടുന്നു.

## C. നൈപുണ്യ വികസന പദ്ധതികൾ/പരിപാടികൾ

### 1. പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി സർക്കാർ മേഖലയിലുള്ള ഇന്ത്യയിൽ തന്നെ ആദ്യത്തെ ഫിനിഷിംഗ് സ്കൂളാണ് REACH-റിസോഴ്സസ് എൻഹാൻസന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്. വർഷത്തിൽ ശരാശരി 360 പരിശീലനാർത്ഥികൾക്ക് പരിശിലനം നൽകിയിരുന്നത് പ്രതിവർഷം 2500 പരിശീലനാർത്ഥികൾ എന്ന തോതിലേക്കുയർന്നു. നിലവിൽ തിരുവനന്തപുരത്തും കണ്ണൂരിലുമാണ് റീച്ച് ഉള്ളത്.

### 2. ASEP- N- നഴ്സുമാർക്കുള്ള തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതി

വിദേശ രാജ്യങ്ങളിൽ വർദ്ധിച്ച് വരുന്ന ജോലി സാധ്യത നമ്മുടെ നാട്ടിലെ നഴ്സുമാർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഉപയുക്തമാക്കുന്നതിന് വേണ്ടി Advanced Skill Enhancement Programme for Nurses (ASEP - N) എന്ന നൈപുണ്യ വികസന കോഴ്സ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. ആറ് മാസം നീണ്ട് നിൽക്കുന്ന കോഴ്സിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനും IELTS/OET പരീക്ഷകൾ പാസാകുന്നതിനുമുള്ള പാഠഭാഗങ്ങൾ, അടിസ്ഥാന നഴ്സിംഗ് സ്കില്ലിനു പുറമെ Emergency & critical care skill, Infection control and patient safety തുടങ്ങിയ ആധുനിക വൈദ്യ ശുശ്രൂഷാ മേഖലകളിലെ നൈപുണ്യം, കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള അടിസ്ഥാന വൈദഗ്ധ്യം, പെരുമാറ്റം, സമീപനം എന്നിവ മെച്ചപ്പെട്ടതാക്കുന്നതിനുള്ള സോഫ്റ്റ് സ്കിൽ എന്നിവയുടെ പരിശീലനവും ഉൾപ്പെടുത്തിയിരിക്കുന്നു. സർക്കാരിന്റെ ധനസഹായത്തോടെ നടത്തുന്ന ഈ പരിശീലന പരിപാടി പരമാവധി ഫീസ് ഇളവോടെയാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

### 3. Introductory English Training Programme (IETP)

നഴ്സിംഗ്/എയ്ഡഡ് കോളേജുകളിലെ അവസാന വർഷ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ആംഗലേയ ഭാഷയിൽ പ്രാവിണ്യം നൽകുന്നതിന് റീച്ച് ആവിഷ്ക്കരിച്ച പദ്ധതിയാണ് Introductory English Training Programme (IETP). Listening, speaking, reading, writing തുടങ്ങി ഇംഗ്ലീഷ് ഭാഷയിലെ നാല് തലങ്ങളിൽ വൈദഗ്ധ്യമുള്ള പരിശീലകർ ആണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

**4. വനിതകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടി**

സംസ്ഥാനത്തെ വനിതകളെ (18 നും 55 നും മദ്ധ്യേ പ്രായമുള്ള) സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിലേക്കായി സംരംഭകത്വ പരിശീലനവും കൂടാതെ അവരെ ധൈര്യപൂർവ്വം ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും സ്വയം തീരുമാനമെടുക്കുന്നതിനും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും പ്രാപ്തരാക്കുന്നതിനും വേണ്ടി പ്രത്യേക പരിശീലന പരിപാടി വനിത വികസന കോർപ്പറേഷൻ നടപ്പാക്കുന്നു. ആറ് ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. പരിശീലനത്തിലൂടെ തൊഴിൽ അന്വേഷകരായ വനിതകൾക്ക് സ്വന്തമായി യൂണിറ്റുകൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഭാവിയിൽ സ്വയം പര്യാപ്തത നേടുന്നതിന് വേണ്ട സാഹചര്യം ഒരുക്കുന്നതിനുമാണ് വനിതാ വികസന കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

**(d) ലിംഗാവബോധ പരിപാടികൾ**

**1. വിമൻ സെൽ**

വ്യക്തികളിൽ കൗമാര കാലത്ത് തന്നെ ലിംഗാവബോധം, സാമൂഹ്യാവബോധം, സൃഷ്ടിപരമായ കഴിവുകൾ, ഇച്ഛാശക്തി എന്നിവ വളർത്തുന്നതിനുള്ള വിവിധ പരിപാടികളാണ് വിമൻ സെൽ കേന്ദ്രീകരിച്ചു കൊണ്ട് നടന്നു വരുന്നത്. ആയതിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ അധികരിച്ചുള്ള ശില്പശാലകൾ, സെമിനാറുകൾ. പരിശീലനങ്ങൾ, കൈയ്യെഴുത്ത് മാസികാ പ്രസിദ്ധീകരണം തുടങ്ങിയ പരിപാടികൾ വിദ്യാർത്ഥികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്. പദ്ധതിയുടെ പ്രയോജനം പ്രതിവർഷം ഇരുപതിനായിരത്തോളം വിദ്യാർത്ഥിനികൾക്ക് ലഭിക്കുന്നുണ്ട്.

**2. "ബോധ്യം"-പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി**

181 വനിതാ ഹെൽപ്പ് ലൈനിന്റെ സംസ്ഥാനത്തെ നടത്തിപ്പുകാരായ വനിതാ വികസന കോർപ്പറേഷൻ, 181 പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സ്ത്രീകൾ, കുട്ടികൾ, ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവർക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ഫലപ്രദമായ പോലീസ് ഇടപെടൽ സാധ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "ബോധ്യം" ലിംഗാവബോധ പരിശീലന പരിപാടി. ജെൻഡർ

സയൻസ്, ജെൻഡർ നിയമം, പെരുമാറ്റ രീതിയും സമീപനവും മികച്ചതാക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ബിഹേവിയറിൽ തെറാപ്യൂട്ടിക് പാഠങ്ങൾ, കമ്മ്യൂണിക്കേഷൻ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയ നൂതനപരിശീലനമാണ് നൽകുന്നത്. നിലവിലുള്ള സേനയെയും വരുംകാല കേരളത്തിലെ പോലീസ് ഇടപെടലുകളെയും പുരോഗമനപരമാക്കുന്നതിനും ജെണ്ടർ റെസ്പോൺസിവ് പോലീസിംഗ് നമ്മുടെ നാട്ടിൽ യാഥാർത്ഥ്യമാക്കുന്നതിനും "ബോധ്യം" ലിംഗാവബോധ പരിശീലനം സംസ്ഥാനത്തെ എല്ലാ പോലിസ് ഉദ്യോഗസ്ഥർക്കും സമയബന്ധിതമായി നൽകുന്നതിലൂടെ വനിതാ വികസന കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**